# 15 -ാം കേരള നിയമസഭ

## 4 -ാം സമ്മേളനം

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1686** **15-03-2022 - ൽ മറുപടിയ്ക്ക്**

### കോതമംഗലം - കുട്ടമ്പുഴയിൽ സർക്കാർ കോളേജ്

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. ആന്റണി ജോൺ | | null<br>(ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പ് മന്ത്രി) | |
| (എ) | കോതമംഗലം മണ്ഡലത്തിൽ കുട്ടമ്പുഴയിൽ സർക്കാർ കോളേജ് ആരംഭിക്കുന്നത് സംബന്ധിച്ച നടപടികളുടെ നിലവിലെ സ്ഥിതി വ്യക്തമാക്കാമോ; | (എ) | കുട്ടമ്പുഴ പഞ്ചായത്തിൽ ഒരു സർക്കാർ കോളേജ് ആരംഭിക്കുന്ന വിഷയം സർക്കാർ പരിശോധിച്ച വരുന്നു. |
| (ബി) | കോളേജ് ആരംഭിക്കുന്നത് സംബന്ധിച്ച് കോളേജ് വിദ്യാഭ്യാസ ഡെപ്യൂട്ടി ഡയറക്ടറുടെ അനുകൂലമായ റിപ്പോർട്ട് ലഭ്യമായിട്ടുണ്ടോ; വിശദമാക്കുമോ; | (ബി) | ഉണ്ട്. |
| (സി) | കോളേജ് ആരംഭിക്കുന്നത് സംബന്ധിച്ച് ഉന്നത വിദ്യാഭ്യാസ വകുപ്പ് ബി3/518/2017/ഉ.വി.വ. എന്ന ഫയൽ നമ്പറിൽ സ്വീകരിച്ചിട്ടുള്ള നടപടികൾ വിശദമാക്കാമോ; | (സി) | കോളേജിനായി ഭൂമി ഏറ്റെടുക്കുന്ന വിഷയത്തിൽ തുടർനടപടികൾക്കായി ബി3/518/2017/ഉ.വി.വ. നമ്പർ ഫയൽ ജലവിഭവ വകുപ്പിന് നൽകിയിട്ടുണ്ട്. പ്രസ്തുത വിഷയം ഇപ്പോൾ ജലവിഭവ വകുപ്പിന്റെ പരിഗണനയിലാണ്. |
| (ഡി) | കോളേജിനായി സ്ഥലം കണ്ടെത്തുന്നുള്ള ബി3/518/2017/ഉ.വി.വ. എന്ന ഫയൽ പ്രകാരം ജലവിഭവ വകുപ്പിനോട് സ്ഥലം അന്വേഷിച്ചതിൽ എന്ത് തീരുമാനമാണ് ലഭ്യമായിട്ടുള്ളതെന്ന് വ്യക്തമാക്കാമോ; | (ഡി) | കോളേജിനായി ഭൂമി ഏറ്റെടുക്കുന്ന വിഷയത്തിൽ തുടർനടപടികൾക്കായി ബി3/518/2017/ഉ.വി.വ. നമ്പർ ഫയൽ ജലവിഭവ വകുപ്പിന് നൽകിയിട്ടുണ്ട്. പ്രസ്തുത വിഷയം ഇപ്പോൾ ജലവിഭവ വകുപ്പിന്റെ പരിഗണനയിലാണ്. |
| (ഇ) | പതിനാറിൽ അധികം വരുന്ന ആദിവാസി ഊരുകളും ജില്ലയിലെ 98 ശതമാനത്തോളം വരുന്ന ആദിവാസി സമൂഹവും അധിവസിക്കുന്ന കുട്ടമ്പുഴയിൽ പ്രദേശത്തിന്റെ പ്രത്യേകത കൂടി കണക്കിലെടുത്തും മണ്ഡലത്തിൽ മറ്റ് സർക്കാർ ആർട്സ് & സയൻസ് കോളേജ് ഇല്ലാത്തതുമായ സാഹചര്യത്തിൽ പ്രസ്തുത കോളേജ് ആരംഭിക്കുന്നതിനുവേണ്ട നടപടി സ്വീകരിക്കുമോ; വിശദമാക്കാമോ? | (ഇ) | സ്ഥലലഭ്യത, സർക്കാരിന്റെ സാമ്പത്തിക സ്ഥിതി തുടങ്ങിയ വസ്തുതകൾ കൂടി കണക്കിലെടുത്ത് മാത്രമേ ഇക്കാര്യത്തിൽ തീരുമാനമെടുക്കാൻ കഴിയുകയുള്ളൂ. |

സെക്ഷൻ ഓഫീസർ